'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - പനമരം ബ്ലോക്ക് പഞ്ചായത്ത് - സഞ്ചരിക്കുന്ന മൃഗാശുപത്രി പ്രോജക്ടിൽ പ്രവൃത്തി പരിചയമുള്ള ഡോക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

### തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.21/2020/LSGD തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.65-ാം നമ്പർ തീരുമാനം

## ഉത്തരവ്

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. 10ലക്ഷം രൂപ അടങ്കലുള്ള നൂതന വിഭാഗത്തിൽപ്പെട്ട ഈ പ്രോജക്ടിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാകണമെന്ന് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിന് 10 വർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള ഡോക്ടറെ നിയമിക്കേണ്ടത് ആവശ്യമായതിനാൽ കരാറടിസ്ഥാനത്തിൽ പ്രവൃത്തി പരിചയമുള്ള ഡോക്ടറെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ സമർപ്പിക്കുകയുണ്ടായി. 06.12.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും പ്രോജക്ടിൽ വിഭാവന ചെയ്യും പ്രകാരം പ്രവൃത്തി പരിചയമുള്ളയാളെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഡി.പി.സി. അംഗീകാരം നൽകിയ 'മൊബൈൽ വെറ്ററിനറി ക്ലിനിക്ക് എന്ന പദ്ധതിയിൽ പ്രോജക്ടിൽ വിഭാവന ചെയ്യും പ്രകാരം 10 വർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള വെറ്ററിനറി ഡോക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്ത്,വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.01.__ 11:03:42
IST
Reason: Approved
സെക്ഷൻ ഓഫീസർ